വിക്ടേഴ്സ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും

28 - 10 - 2020

അടിസ്ഥാന പാഠാവലി- X
കൊച്ചുചക്കരച്ചി - 03

കഴിഞ്ഞ ക്ലാസിൽ ചർച്ച ചെയ്ത പാഠഭാഗവും നൽകിയ തുടർ പ്രവർത്തനവും ഓർമ്മപ്പെടുത്തി.

കൊച്ചുചക്കരച്ചിയിലെ മാങ്ങ വിൽക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ട ഭാഗം വായിച്ച് വിശദീകരിച്ചു.

■ തുരത്തപ്പെട്ട ശ്രമങ്ങൾ

▪ പണത്തിന്റെ മുട്ടുകൊണ്ട് കൊച്ചു ചക്കരച്ചിയിലെ മാങ്ങ വിൽക്കാനുള്ള ശ്രമം അമ്മ നടത്തിയിരുന്നു. പക്ഷേ , സ്വയം ചത്തും ചാവേറുപടയായ നീറുകൾ ആ ശ്രമങ്ങളെ പരാജയപ്പെടുത്തി. 'തന്റെ മാങ്ങ വിൽക്കാനുള്ളതല്ല, പൊഴിച്ചു തരുന്ന മാങ്ങളിൽ ഒന്നോ രണ്ടോ പെറുക്കി തിന്നിട്ട് പോകാം' എന്ന ഭാവമായിരുന്നു കൊച്ചുചക്കരച്ചിക്ക്.

ചാവേറുകൾ -

സ്വന്തം ജീവൻ നൽകിയും ലക്ഷ്യത്തിനു വേണ്ടി പടപൊരുതുന്നവർ.

▪ യുദ്ധകാലമായപ്പോൾ മാവിന്റെ തടിക്ക് ധാരാളം  ആവശ്യക്കാർ വന്നു. പലരും മാവിന്റെ തടിക്ക്  വലിയ തുക വാഗ്ദാനം ചെയ്തു. എന്നിട്ടും കൊച്ചുചക്കരച്ചി മുറിച്ചു മാറ്റപ്പെട്ടില്ല.

▶ ശവപ്പെട്ടികൾ, പട്ടാളപ്പാളയങ്ങൾ, പാലങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് യുദ്ധകാലത്ത്  മാവിന്റെ തടി വലിയ തോതിൽ ആവശ്യമായി വന്നിരിക്കാം.
▶ ഒത്ത തടിയും കായിക ശേഷിയുമുള്ള ആളുകളെയാണല്ലോ പട്ടാളത്തിൽ എടുക്കുന്നത്. ശാഖകൾ കുറഞ്ഞ് നീളത്തിൽ കരുത്തുറ്റ തായ്ത്തടിയുമായി നിൽക്കുന്ന കൊച്ചുചക്കരച്ചിയെയും പട്ടാളത്തിൽ എടുക്കാൻ ശ്രമമുണ്ടായി എന്നു പറയുന്നിടത്ത് ഒരു നർമ്മമുണ്ട്.

ലേഖകൻ തന്നെ മാവ് വെട്ടിക്കളയാൻ തീരുമാനിക്കുന്ന സന്ദർഭം വിശദീകരിച്ചു.

▪മുവിന്റെ താഴ്ത്തടിയിൽ തമരുവെച്ചു തുളച്ചതുപോലെ ഒരു പോടുണ്ടായി. മാവിന്റെ തടിയിൽ ഒരു ഭാഗം ജീർണ്ണിച്ചു.

▪ ഇടിമിനൽ ഏറ്റതോ , നല്ല വില പറഞ്ഞിട്ടും മാവ് ലഭിക്കാത്ത ആളുകളിൽ ആരെങ്കിലും ചെയ്ത പാതകമോ ആകാം അതെന്ന് സംശയിക്കപ്പെട്ടു.

▪ മാവ് മുറിഞ്ഞു വീഴാനുള്ള സാധ്യതകൾ ലേഖകനെ ഭയപ്പെടുത്തി. വീണാൽ വീടിന്റെ താശിപ്പുരയ്ക്ക് മുകളിലാണ് അതു വീഴുകയെന്ന കാരണത്താലും  വീടിന് കേടുപാടുകൾ സംഭവിക്കാനും ആളപായമുണ്ടാകാനും ഇടയുണ്ടെന്നതിനാലും കൊച്ചുചക്കരച്ചിയെ മുറിച്ചു മാറ്റാൻ ലേഖകന് തീരുമാനിക്കേണ്ടി വന്നു.

കൊച്ചു ചക്കരച്ചിയും  അമ്മയും തമ്മിലുള്ള ആത്മബന്ധം വെളിപ്പെടുന്ന ഭാഗം വിശദീകരിച്ചു.

▪ കൊച്ചുചക്കരച്ചിയെ മുറിച്ചു മാറ്റാൻ അമ്മ സമ്മതിച്ചില്ല.

▪ കൊച്ചു ചക്കരച്ചി വീഴില്ലെന്നും വീണാലും അപകടമുണ്ടാക്കുകയില്ലെന്നുമായിരുന്നു അമ്മയുടെ വിശ്വാസം.

▪ അമ്മയുടെ വിശ്വാസത്തിനും ഭക്തിക്കും മുന്നിൽ മകന്റെ യുക്തി പരാജയപ്പെട്ടു.

▪ കാറ്റും മഴയും വരുമ്പോഴൊക്കെ  അമ്മ പൂമുഖത്ത് ചെന്നിരുന്ന് കൊച്ചുചക്കച്ചിയോടുള്ള തന്റെ വിശ്വാസ്യതയെ ഊട്ടിയുറപ്പിച്ചുകൊണ്ടിരുന്നു. ആ വിശ്വാസം ഒരു വാശി പോലെയായിരുന്നു.

മാവ്, മനുഷ്യഭാവത്തിലേക്ക് ഉയരുന്ന സന്ദർഭങ്ങൾ വിശദീകരിച്ചു.

കർക്കടക മാസത്തിലെ കുത്ത വാവിൻ നാളിൽ ആകാശത്തിനു താഴെ തന്റെ ഇലപ്പടർപ്പുകൾ കൊണ്ട് മറ്റൊരാകാശം സൃഷ്ടിച്ച്, മിന്നാമിനുങ്ങുകളെ കൊണ്ട് നക്ഷത്ര നിബിഡമായി നിൽക്കുന്നത് ആസന്നമായ വേർപാടിന്റെ വേദനയേയും ബോധത്തെയും ഉൽക്കടമാക്കിത്തീർത്തു. അതുവരെ കാണാതിരുന്ന അളവിലും ആഴത്തിലും ആ ചിരബന്ധുവിന്റെ ഗുണങ്ങൾ ഹൃദയത്തിൽ ആഞ്ഞുപതിച്ചു.

▪ മാവ് ഏതു നിമിഷവും നിലം പതിക്കുമെന്ന തോന്നൽ വേദനയുണ്ടാക്കുന്നതായിരുന്നു. പിതൃസ്മരണകൾ നിലനിൽക്കുന്ന കർക്കടക രാത്രികൾ ആ വേദനയുടെ ആഴം വർദ്ധിപ്പിച്ചു. തറവാട്ടിലെ പ്രായം ചെന്ന ഒരു ബന്ധുവിന്റെ ആസന്നവേർപാടിന്റെ നേരത്തുള്ള മാനസികാവസ്ഥയ്ക്ക് തുല്യമായ നില ലേഖകനിൽ അതുണ്ടാക്കി.

▪ ആഞ്ഞുപതിച്ചു - എന്ന പ്രയോഗം ലേഖകനിലെ കുറ്റബോധത്തിന്റെ ആഴത്തെ കൂടി പ്രതിഫലിപ്പിക്കുന്നതാണ്.
(മുറിച്ചു മാറ്റാൻ ആലോചിച്ചു എന്നതിലെ കുറ്റബോധം)

▪ ആഞ്ഞടിച്ച കാറ്റുകളൊന്നും മാവു മുത്തശ്ശിയെ വീഴ്ത്തിയില്ല. ശയ്യാവലംബയായ വൃദ്ധയായ ഒരു സ്ത്രീയുടെ മുടിയിഴകളിൽ സ്നേഹത്തിന്റെയും കരുതലിന്റെയും വിരൽ തലോടിപ്പോകുന്നതു പോലെ കാറ്റ് മാവിന്റെ നിബിഡമായ ഇലച്ചാർത്തുകളെ തഴുകി കടന്നു പോയി.

കൊച്ചു ചക്കരച്ചിയുടെ പതനം വിവരിക്കുന്ന ഭാഗം വിശദീകരിച്ചു.

▪ നിരുപദ്രവകരമായി , ഒരു വിദഗ്ദനായ മരം വെട്ടുകാരനു പോലും സാധ്യമാകാത്ത വിധം ഒരപകടവും വരുത്താതെ കൊച്ചുചക്കരച്ചി മുറിഞ്ഞു വീണു.
▪ അമ്മയുടെ വിശ്വാസം ജയിച്ചു.

അനുബന്ധമായി
ടി പത്മനാഭന്റെ 'ജീവന്റെ വഴി' എന്ന കഥ ഓർമ്മപ്പെടുത്തി.

▪ വീട്ടു തൊടിയിലെ ഒരു മുരിങ്ങമരം ഒടിഞ്ഞു വീണതും അതു കഥാകാരനിൽ ഉണ്ടാക്കിയ സങ്കടങ്ങളും പറയുന്ന ഭാഗം.

പാഠഭാഗത്തെ അവസാന ഖണ്ഡിക വായിച്ച് വിശദീകരിച്ചു.

▪ കൊച്ചുചക്കരച്ചി നിന്നിടത്ത് കിളിർത്തുവന്ന മാവിൻതയ്യിനെ അമ്മ, കൊച്ചു ചക്കരച്ചിയുടെ മകൾ എന്ന നിലയിൽ പരിചരിച്ചതും കഴിഞ്ഞ വർഷം അത് കായ്ച്ചതും അതു പുളിച്ചിയായിരുന്നു എന്ന് പറയുന്നതുമായ ഭാഗം.

പുളിച്ചി എന്ന പ്രയോഗത്തിന്റെ അർത്ഥ സാധ്യതകൾ :

▪ പുളിയുള്ള മാങ്ങ എന്ന അർത്ഥത്തിൽ.
(ചക്കരച്ചി നിന്നിടത്ത് വളർന്നു വന്ന മാവിൽ കായ്ച്ച മാങ്ങ പുളിയുള്ളതായിരുന്നു. )

▪ കൊച്ചുചക്കരച്ചിയുടെ ഓർമ്മകൾ പോലെ മാധുര്യമാർന്നവയല്ല മുമ്പോ ശേഷമോ ഉണ്ടായ മാവുകളെ കുറിച്ചുള്ള ഓർമ്മകൾ എന്ന അർത്ഥത്തിൽ.

കുലശ്രേഷ്ഠകൾ : എന്ന പ്രയോഗത്തിന്റെ അർത്ഥ സാധ്യതകൾ -

▪ മാവ് വംശത്തിലെ പ്രധാനികൾ
- മാവിന് മനുഷ്യഭാവം കല്പിക്കുന്നു -

▪ ഒരു കുലയിൽ കായ്ക്കുന്ന മാങ്ങകളുടെ എണ്ണത്തിലും വലുപ്പത്തിലും രുചിയിലും മുന്തിയത് .

അമ്മയും കൊച്ചു ചക്കരച്ചിയും തമ്മിലുള്ള ആത്മബന്ധം പ്രകടമാകുന്ന സന്ദർഭങ്ങൾ വിശദീകരിച്ചു.

▪ മാവ് മുറിക്കാൻ തുനിയുമ്പോൾ തടയുന്നു.
▪ മാവ് ചതിക്കില്ലെന്ന് ഉറച്ച് വിശ്വസിക്കുന്നു.
▪ കാറ്റും മഴയും വരുമ്പോൾ വിശ്വാസദാർഢ്യത്താൽ പൂമുഖത്ത് പോയിരിക്കുന്നു.
▪ അമ്മയുടെ വിശ്വാസം പോലെ അപകടരഹിതമായി മാവ് വീഴുന്നു.
▪ ചക്കരച്ചി വീണ ശേഷം അവിടെ മുളച്ചുപൊന്തിയ മാവിൻ തയ്യിനെ ചക്കരച്ചിയുടെ മകൾ എന്ന് പേരിട്ട് പരിപാലിക്കുന്നു.

പ്രകൃതിയുമായി ഇണങ്ങിയും പൊരുത്തപ്പെട്ടുള്ള ജീവിതത്തിന്റെ ആവശ്യകതയെയും സൗന്ദര്യത്തെയും ബോധ്യപ്പെടുത്തിക്കൊണ്ട് ക്ലാസ് അവസാനിപ്പിച്ചു.

തുടർ പ്രവർത്തനങ്ങൾ :

1. അമ്മയും കൊച്ചുചക്കരച്ചിയും തമ്മിലുള്ള ബന്ധം പാഠഭാഗത്ത് ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?
പാഠസന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

2. കൊച്ചുചക്കച്ചി എന്ന പാഠഭാഗത്തെ മുൻ നിർത്തി എ പി ഉദയഭാനുവിന്റെ രചനാശൈലിയെ കുറിച്ച് ഉപന്യാസം തയ്യാറാക്കുക ?

സൂചനകൾ :

▪ തിരഞ്ഞെടുത്ത വിഷയത്തിന്റെ ലാളിത്യം
▪ പ്രതിപാദന രീതിയിലെ കൗതുകം
▪ അറിവുകളുടെ പങ്കുവെക്കൽ രീതി.

▪ ലളിതവും നർമ്മരസപ്രധാനവുമായ ഭാഷയും ശൈലിയും.

3. കൊച്ചുചക്കരച്ചിക്ക് കൈവരുന്ന മാനുഷിക ഭാവങ്ങൾ വിശകലനം ചെയ്തു കൊണ്ട് കുറിപ്പ് തയ്യാറാക്കുക.